## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 228** **10-06-2024 - ൽ മറുപടിയ്ക്ക്**

## കോട്ടത്തറ ട്രൈബൽ സ്പെഷാലിറ്റി ആശുപത്രിയിലെ ആംബുലൻസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷാലിറ്റി ആശുപത്രിയിൽ എത്ര ആംബുലൻസുകളാണ് അനുവദിച്ചിട്ടുള്ളതെന്നും നിലവിൽ അതിൽ എത്ര ആംബുലൻസുകളാണ് രോഗികളുടെ ആവശ്യത്തിന് ഉപയോഗിക്കുന്നതെന്നും വിശദമാക്കുമോ; | (എ) | അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആകെ 6 ആംബുലൻസുകൾ ആണ് ഉള്ളത്. ഇതിൽ നാല് ബി.എൽ.എസ്. ആംബുലൻസുകളും 2 ICU സൗകര്യത്തോട്ടു കൂടിയ എ.എൽ.എസ്. ആംബുലൻസുകളും ആണ്. ഇതിൽ ഒരു ICU ആംബുലൻസ് നിലവിൽ അപകടത്തെ തുടർന്ന് ഗവൺമെന്റ് അംഗീകൃത വർക്ക് ഷോപ്പിൽ റിപ്പയറിങ്ങിലാണ്. ഈ സ്ഥിതി പരിഹരിക്കുന്നതിനായി കെ എം എസ് സി എൽ മുഖേന ഒരു 108 എ.എൽ.എസ്. ആംബുലൻസ് കോട്ടത്തറ ആശുപത്രിക്ക് വേണ്ടി വിന്യസിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ നിന്നും ഗുരുതരാവസ്ഥയിലുള്ള രോഗികളെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രിയിലേക്ക് മാറ്റുന്നതിന് ആംബുലൻസ് ലഭിക്കാത്തതുമൂലം നിരവധി രോഗികൾ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | അട്ടപ്പാടിയിലെ ജനങ്ങളുടെ ആരോഗ്യ വിഷയത്തിൽ പ്രത്യേക പരിഗണനയാണ് സർക്കാർ നൽകി വരുന്നത്. കോട്ടത്തറ ആശുപത്രിയിൽ നിന്നും അടിയന്തര സാഹചര്യങ്ങളിൽ വിദഗ്ധ ചികിത്സയ്ക്കായി തൃശ്ശൂർ, പാലക്കാട് സർക്കാർ മെഡിക്കൽ കോളേജുകളെ ആശ്രയിക്കേണ്ട സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. ഇതിനായി മാത്രം ഐ.സി.യു സൗകര്യങ്ങളോട്ടു കൂടിയ രണ്ട് എ.എൽ.എസ് ആംബുലൻസുകൾ ആണ് കോട്ടത്തറ ആശുപത്രിയിൽ 24 മണിക്കൂർ നേരവും പ്രവർത്തന സജ്ജമാക്കിയിട്ടുള്ളത്. ഇതിൽ ഒരു ആംബുലൻസ് റിപ്പയർ വർക്കുകൾക്കായി ഗവൺമെന്റ് അംഗീകൃത വർക് ഷോപ്പിലാണ്. ഈ അവസരത്തിൽ ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് സ്വകാര്യ മേഖലയിലുള്ള ഐ.സി.യു ആംബുലൻസുകളുടെ സേവനം കൂടി ഉറപ്പുവരുത്തി. ഇതിനായി മണ്ണാർക്കാട് മദർ കെയർ ആശുപത്രി, പാലക്കാട് പാലന ആശുപത്രി, കാരുണ്യ എ.എൽ.എസ് ആംബുലൻസ് എന്നിവയുടെ സൗകര്യം ലഭ്യമാക്കാൻ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കനിവ് 108 പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | ഭാഗമായി ഒരു എ.എൽ.എസ് ആംബുലൻസ് കെ.എം.എസ്.സി.എൽ മുഖാന്തിരം അടിയന്തരമായി കോട്ടത്തറ ആശുപത്രിയിൽ വിന്യസിച്ചിട്ടുണ്ട്. ഇതുകൂടാതെ അടിയന്തര സാഹചര്യങ്ങളിൽ രോഗികളെ ട്രാൻസ്ഫർ ചെയ്യുമ്പോൾ എമർജൻസി ടെക്നീഷ്യൻ സേവനം ലഭ്യമല്ലാത്തപ്പോൾ പരിശീലനം ലഭിച്ച നേഴ്സിങ് ഓഫീസറുടെ സേവനം ഉറപ്പുവരുത്തുവാൻ ആശുപത്രി സൂപ്രണ്ടിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ